കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

## മാറനല്ലൂർ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2018-19

e-mail:lfadtvm@yahoo.in, dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.4/2171/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി : 15.01.2020

Phone No : 0471-2331231

Email : lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
മാറനല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാറനല്ലൂർ ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15 (1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1 ) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3). കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.4/2171/2019 തീയതി : 15.01.2020

**<u>തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്:</u>**

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം)*

തിരുവനന്തപുരം ജില്ലയിലെ **മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.11.2018 മുതൽ 30.10.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ-24-എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ .എം.ഷാജഹാൻ (ഡെപ്യൂട്ടി ഡയറക്ടർ)

ഓഡിറ്റിന് വിനിയോഗിച്ച സമയം : 14.11.2019മുതൽ 23.11.2019വരെ

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : | ശ്രീമതി .ലതാകുമാരി.എം,<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)<br>ശ്രീമതി.ജയലക്ഷ്മി.ബി.കെ.<br>(സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീ.കോസലരാമദാസ്.<br>(സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീമതി.സീന.കെ.<br>(സീനിയർ ഗ്രേഡ് ഓഡിറ്റർ) |

| | |
|---|---|
| | ശ്രീ.കിരൺ.കെ.എസ്. ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി.എസ്.രമ<br>1.04 .2018മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.ബിന്ദുരാജ് എം.എ<br>1.04.2018 മുതൽ 21.06.2018 വരെ |
| | ശ്രീ. ബിജു കുമാർ<br>21.06.2018 മുതൽ 09.10.2018 വരെ |
| | ശ്രീമതി. പ്രിയ കെ.എസ്.<br>10.10.2018 മുതൽ 14.10.2018 വരെ (ചാർജ്ജ്) |
| | ശ്രീമതി. മിനി. ജി.<br>15.10.2018 മുതൽ 31.03.2019വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ദീപ.ജെ | 01.04.2018 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ.ഷൈൻ | 01.04.2018 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | ഡോ.സുബി | 01.04.2018 മുതൽ<br>31.03.2019 വരെ |
| ഹെഡ്മാസ്റ്റർ<br>(ഗവ.എൽ.പി.എസ്<br>പുന്നാവൂർ) | കുമാരി.രമണി.എസ് | 01.04.2018 മുതൽ<br>31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ.അരുൺകുമാർ.ജി.എസ് | 01.04.2018 മുതൽ<br>31.03.2019 വരെ |
| വി.ഇ.ഒ(1) | ശ്രീമതി.ശ്രീരമ്യ.എസ്.നായർ | 01.04.2018 മുതൽ<br>17.11.2018 വരെ |
| | ശ്രീ.സെബിൻ | 18.11.2018 മുതൽ<br>31.03.2019വരെ |
| വി.ഇ.ഒ(2) | ശ്രീമതി.ഷാനി.എസ് | 01.04.2018 മുതൽ<br>31.03.2019 വരെ |
| ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ശ്രീമതി.നിഷ | 01.04.2018 മുതൽ<br>15.08.2018 വരെ |
| | ശ്രീമതി.രതി കുമാരി | 16.08.2018 മുതൽ |

| | | |
|---|---|---|
| | | 25.09.2018 വരെ |
| | ശ്രീമതി.മേഘന.എസ്.മുരളി | 26.09.2018മുതൽ 31.03.2019 വരെ |
| എ.ഇ (എൽ.എസ്.ജി.ഡി) | ശ്രീ.അഭിജിത്ത് .യു.വി | 01.04.2018മുതൽ 20.06.2018 വരെ |
| | ശ്രീ.അഭിലാഷ്.ബി | 21.06.2018മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സുനിത.വി | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീമതി. പ്രിയ .കെ.എസ് | 01.04.2018 മുതൽ 31.03.2019 വരെ |

**<u>ഉള്ളടക്കം</u>**


| | ഭാഗം 1 | |
|---|---|---|
| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ക്വാറികൾക്ക് ലൈസൻസ് നൽകൽ -രേഖകൾ പൂർണമായും ഹാജരാക്കിയിട്ടില്ല | 1-12 |
| 13 | **വസ്തുനികുതി സാംഖ്യാ രസീത് ക്യാൻസൽ ചെയ്യുമ്പോൾ സഞ്ചയസോഫ്റ്റ് വെയറിൽ മാറ്റം വരുന്നില്ല** | 1-13 |
| 14 | വസ്തു നികുതി കണക്കാക്കിയതിലെ അപാകതകൾ | 1-14 |
| 15 | സഞ്ചയസോഫ്റ്റ്വെയറിൽ 5 വർഷത്തിൽ താഴെ കാലപഴക്കമുള്ള കെട്ടിടങ്ങളെയും ARV എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന | 1-15 |
| 16 | ലേല തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല – 3140/-രൂപ നഷ്ടം | 1-16 |
| 17 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല . | 1-17 |
| 18 | മൊബൈൽ ടവറിൽ നിന്നും വസ്തു നികുതി ഈടാക്കിയില്ല | 1-18 |
| 19 | റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവ ഈടാക്കേണ്ടതാണ് | 1-19 |

| | | |
|---|---|---|
| 20 | വക്കീൽ ഫീസായി നൽകിയ തുകയിന്മേൽ ആദായ നികുതി ഈടാക്കിയിട്ടില്ല | 1-20 |
| 21 | വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികൾ പാലിച്ചിട്ടില്ല | 1-21 |
| 22 | അപകടാവസ്ഥയിലായ കെട്ടിടത്തിൽ അംഗൻവാടി പ്രവർത്തിക്കുന്നു. | 1-22 |
| 23 | പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടത്തേണ്ടതാണ് | 1-23 |
| 24 | കുടുംബശ്രീ ചെയർപേഴ്സണ് പഞ്ചായത്ത് ഫണ്ടിൽ നിന്ന് യാത്രാബത്ത നല്കിയത് നിയമവിരുദ്ധം | 1-24 |
| 25 | കല്യാണ മണ്ഡപത്തിന്റെ ഭൗതിക സാഹചര്യം പരിതാപകരം | 1-25 |
| 26 | സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷവും നടപ്പാക്കിയിട്ടില്ല | 1-26 |
| 27 | **വൈദ്യുതശ്മശാനം - ഒന്നേകാൽ കോടിയിലധികം തുകയുള്ള പണിചെയ്ത് പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല** | 1-27 |
| 28 | പണി പൂർത്തീകരിക്കാനുണ്ടായ കാലതാമസത്തിന് അപേക്ഷ സമർപ്പിച്ചില്ല | 1-28 |
| 29 | ടെണ്ടർ വിളിച്ച് കരാറുറപ്പിച്ച പ്രവൃത്തികൾ നടപ്പാക്കാതെ ഉപേക്ഷിച്ചു | 1-29 |
| 30 | ലൈഫ് ഭവനപദ്ധതി – അവലോകനം | 1-30 |
| 31 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് ലഭ്യമാക്കിയിട്ടില്ല – 1,31,265/- രൂപ തടസ്സപ്പെടുത്തുന്നു | 1-31 |
| 32 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല – 1,89,000/- രൂപ തടസ്സം | 1-32 |
| 33 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങൽ – പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം – 93,000/- രൂപ തടസ്സം | 1-33 |
| 34 | 2018-19 പാലിയേറ്റീവ് കെയർ പദ്ധതി പ്രവർത്തനത്തിലെ അപാകങ്ങൾ | 1-34 |
| 35 | പകൽവീട് പ്രവർത്തനം ആരംഭിക്കേണ്ടതാണ് | 1-35 |
| 36 | തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം – പദ്ധതി പൂർണമായും നടപ്പിലാക്കിയിട്ടില്ല. 1,05,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-36 |
| | <u>ഭാഗം 2</u> | |
| 37 | ലേല തുക പൂർണമായും ഈടാക്കിയിട്ടില്ല – 3140/- രൂപ നഷ്ടം | 2-1 |
| | <u>ഭാഗം 3</u> | |
| | *ഇല്ല* | |
| | ഭാഗം 4 | |
| | *പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും* | |
| 38 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 39 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 40 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 42 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 43 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 44 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 45 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 46 | ചാർജ്ജ് സർചാർജ്ജ് നടപടികൾ | 4-9 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് 27-3-18ലെ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം നം.1 പ്രകാരം അംഗീകരിച്ചു. 173080000/- വരവും, 203852000/-രൂ. ചെലവും, 3711179/-രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബജറ്റ് ആണ് അംഗീകരിച്ചത്. 207033123/- രൂപ വരവും, 213987800/- രൂപ ചെലവും, 57685886/- രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന പുതുക്കിയ ബജറ്റ് 11/2/2019- ന് അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 30.04.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

**<u>സാമ്പത്തിക വിശകലനം</u>**

| | |
|---|---|
| മുന്നിരിപ്പ് | 14843269.55 |
| വരവ് | 146613642 |
| ആകെ | 161456911.55 |
| ചെലവ് | 129312355 |
| നീക്കിയിരിപ്പ് | 32144556.55 |

## 1-4 ഫണ്ട് വിനിയോഗം

**<u>ഫണ്ട് വിനിയോഗം</u>**

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | രിപ്പ് |
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 26887175 | 26887175 | 26887175 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 13861270 | 13861270 | 13861270 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 289000 | 289000 | 289000 | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12737431 | 12737431 | 12737431 | 0 |
| സംരക്ഷണ ഗ്രാന്റ് ( റോഡ്) | 0 | 17152763 | 17152763 | 17152763 | 0 |
| സംരക്ഷണ ഗ്രാന്റ് ( നോൺ റോഡ്) | 0 | 5358533 | 5358533 | 5358533 | 0 |
| ബി ഫണ്ട് | 0 | 1719840 | 1719840 | 1719840 | 0 |
| പൊതു അവശ്യ ഗ്രാന്റ് | 1075252 | 23111333 | 24186585 | 13931105 | 10255480 |
| എൻ.ആർ.ഇ .ജി.എസ് | 22125 | 488505 | 510630 | 481590 | 29040 |
| DCB സാക്ഷരത | 300945 | 0 | 300945 | 0 | 300945 |
| SBI ഊരൂട്ടമ്പലം | 14585579 | 11832513 | 26418092 | 24290102 | 2127990 |
| ഗ്രാമീൺ ബാങ്ക്(തനതു ഫണ്ട്) | 0 | 22055436 | 22055436 | 4844863 | 17210573 |
| ഇ -പേയ്മെന്റ്-(SBI) | 12750 | 45221 | 57971 | 0 | 57971 |
| Special TSB (JV) | -1441820 | 108331798 | 9389978 | 7553977 | 1836001 |
| DCB own fund. | .55 | 0 | .55 | 0 | .55 |
| SCB ഊരൂട്ടമ്പലം | 85732 | 14785 | 100517 | 2000 | 98517 |
| cash | 202706 | 228039 | 430745 | 202706 | 228039 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 228 | 182908967 | 178 | 113975190 | 0 | 50 | 78 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 22125 | 381005 | 403130 | 374090 | 29040 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 39416843 | 39416843 | 39416843 | |
| **ആകെ** | **22125** | **39797848** | **39819973** | **39790933** | **29040** |

# 1-7 ക്ഷേമപദ്ധതികൾ

**ക്ഷേമപദ്ധതികൾ**

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1239840 | 1315 |
| കർഷകതൊഴിലാളി പെൻഷൻ | 5624100 | 1909 |
| വിധവാപെൻഷൻ | 22350900 | 7288 |
| വാർദ്ധക്യകാലപെൻഷൻ | 33686400 | 3363 |
| വികലാംഗപെൻഷൻ | 7208000 | 2315 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 480000 | 16 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 1301600 | 419 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

**ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.11.2019-ന പഞ്ചായത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ രാവിലെ 10.30ന നടത്തുകയുണ്ടായി. പരിശോധനയിൽ 17384/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്റണം

**1.** ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഭരണസമിതി തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാകുന്നില്ല. ഉദാഹരണമായി കല്യാണ മണ്ഡപത്തിന്റെ വാടക കൂട്ടാൻ തീരുമാനമെടുത്തത് 2016 ഫെബ്രുവരിയിലാണെങ്കിലും അത് നടപ്പിലാക്കിയത് 2018 മാർച്ചിലാണ്. അപകടാവസ്ഥയിലായ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന വെളിയംകോട് വാർഡിലെ 62-ാം അംഗൻവാടി വാടക കെട്ടിടത്തിലേയ്ക്ക് മാറ്റാൻ നടപടി സ്വീകരിച്ചിട്ടില്ല.

**2.** പദ്ധതി ആസൂത്രണത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും വേണ്ടത്ര ജാഗ്രത പുലർത്താത്തതിനാൽ സമയബന്ധിതമായി പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല. പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ ചുമതലകൾ നിർവ്വഹിക്കുന്നില്ല. പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമല്ല.

**3.** വസ്തു നികുതി കണക്കാക്കുമ്പോൾ യഥാർത്ഥത്തിലുള്ള മേഖല കണ്ടെത്തി ആയതിന്റെ അടിസ്ഥാനത്തിലല്ല നികുതി നിർണ്ണയം നടത്തിയിരിക്കുന്നത്.

**4.** തൊഴിൽ നികുതി രജിസ്റ്ററുകൾ, ട്രേഡേഴ്സ് രജിസ്റ്ററുകൾ, തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ പഞ്ചായത്ത്‌രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

**5.** ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

**6.** ഭൂരിഭാഗം പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കാതെയാണ് റോഡ് വർക്കുകൾ നിർവ്വഹിക്കുന്നത്.

**7.** വൈദ്യുത ശ്മശാനത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ ഭരണസമിതി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 28.10.2019 | 09/2019 | 28/10/2019 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2015 | 2010-2011 മുതൽ 2014-15 വരെ | 24/08/2015 |

# 1-11 വാർഷിക കണക്കിലെ അപാകങ്ങൾ

വാർഷിക കണക്കിലെ അപാകങ്ങൾ കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1409 /19 തീയതി 20.08.2019 നമ്പർ പ്രകാരം റിപ്പോർട്ടു പുറപ്പെടുവിച്ചിട്ടുണ്ട്.

# 1-12 ക്വാറികൾക്ക് ലൈസൻസ് നൽകൽ -രേഖകൾ പൂർണമായും ഹാജരാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ 2018-19 സാമ്പത്തിക വർഷത്തിൽ 4 ക്വാറികൾക്ക് ലൈസൻസ് നൽകിയതായി സ്ഥാപനം ഹാജരാക്കിയിട്ടുള്ള ഡി& ഒ ലൈസൻസ് രജിസ്റ്ററിൽ നിന്നും വ്യക്തമായിട്ടുണ്ട്. എന്നാൽ ഫ്രീറ്റസ്.റ്റി.എം.ക്ലമന്റ് ,ഡിഷ, പുത്തൻക്കോട്ട, മണക്കാട് പി.ഒ എന്ന വ്യക്തിയുടെ ക്വാറിയുടെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പ്രസ്തുത സ്ഥാപനം നിയമാനുസൃതമായാണോ പ്രവർത്തിക്കുന്നത് എന്നു പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. അവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

# 1-13 വസ്തുനികുതി സാംഖ്യാ രസീത് ക്യാൻസൽ ചെയ്യുമ്പോൾ സഞ്ചയസോഫ്റ്റ് വെയറിൽ മാറ്റം വരുന്നില്ല

വസ്തുനികുതി ഒടുക്കിയതുമായി ബന്ധപ്പെട്ട സാംഖ്യാ രസീത് ക്യാൻസൽ ചെയ്തിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രസീത് പ്രകാരമുള്ള വരവ് സഞ്ചയസോഫ്റ്റ്വെയറിൽ കളക്ഷനായി വന്നിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു

| ക്രമ നം | പേര് | വാർഡ് നം/ കെട്ടിട നം | രസീത് നം/തീയതി | രസീത് തുക |
|---|---|---|---|---|
| 1 | വേലായുധൻ നായർ | 6/667 | 118120104424/29.11.18 | 206/- |
| 2 | കെ.ഗോപി | 21/216 | 118120104712/21.12.18 | 162/- |
| 3 | ശ്രീകുമാരി | 13/594 | 118120107428/23.02.19 | 480/- |
| 4 | മുരളീധരൻ നായർ, എ.കെ.ബിന്ദു | 13/549 | 118120107944/11.03.19 | 349/- |
| 5 | പി.കൃഷ്ണ പിള്ള | 6/342 | 118120107966/11.03.19 | 240/- |

പ്രസ്തുത അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 വസ്തു നികുതി കണക്കാക്കിയതിലെ അപാകങ്ങൾ

വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു. 2011-ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സർചാർജ്ജും ചട്ടങ്ങൾ പട്ടിക-1ന്റെ അടിസ്ഥാനത്തിൽ വികസിതം, വികസനസാദ്ധ്യതയുള്ളത്, വികസനം കുറഞ്ഞത് എന്നീമാനദണ്ഡപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം മുഴുവൻ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതുംചട്ടങ്ങൾ 7(1) മുതൽ (5) വരെയുള്ള നിബന്ധനകൾ അനുസരിച്ച് പരസ്യപ്പെടുത്തേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചുപോരേണ്ടതുമാണ്. പ്രസ്തുത തരം തിരിവിന്റെ അടിസ്ഥാനത്തിൽവസ്തു നികുതി നിർണ്ണയത്തിൽ ഇളവുകൾ നൽകേണ്ടതുണ്ട്. പഞ്ചായത്തിൽ അപ്രകാരം മേഖല തിരിച്ച് മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ മേഖലാ അടിസ്ഥാനത്തിൽ ഇളവുകൾ നൽകിയിട്ടുള്ളത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് വ്യക്തമല്ല. മേഖലാതരം തിരിവിലെ അപാകംമൂലം വസ്തു നികുതി വരവിൽ കുറവ് വരാനുള്ള സാദ്ധ്യതയുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| പേര് | വാർഡ് നം/ ഡോർ നം. | മേഖല | വിസ്തീർണം | ഉപയോഗക്രമം | റോഡ് |
|---|---|---|---|---|---|
| സുദർശനൻ.ജി, എസ്.കെ.ട്രേഡേഴ്സ്, മൂലക്കോണം, കുവളശ്ശേരി | 8/920<br>8/921 | ത്രിതിയം<br>ദ്വിദീയം | 233.22 ച.മീ<br>143ച.മീ | വാണിജ്യാവശ്യം<br>" | തുങ്ങാംപാറ- മൂലക്കോണം റോഡ്<br>" |
| നസീർ, മദീന മൻസിൽ, കണ്ടല | 19/32<br>19/32 B | പ്രഥമം<br>ദ്വിദീയം | 40ച.മീ<br>8ച.മീ | പാർപ്പിടാവശ്യം<br>വാണിജ്യാവശ്യം | തുങ്ങാംപാറ- മൂലക്കോണം റോഡ്<br>" |
| ഷാജു.വി, വിജയഭവൻ, കുവളശ്ശേരി, മാറനല്ലൂർ | 8/216A<br>8/216 B | പ്രഥമം<br>ത്രിതീയം | 216.ച.മീ<br>30.36ച.മീ | പാർപ്പിടാവശ്യം<br>വാണിജ്യാവശ്യം | തുങ്ങാംപാറ- മൂലക്കോണം റോഡ്<br>" |

## 1-15 സഞ്ചയസോഫ്റ്റ് വെയറിൽ 5 വർഷത്തിൽ താഴെ കാലപഴക്കമുള്ള കെട്ടിടങ്ങളെയും ARV എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു

പഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 5 വർഷത്തിൽ താഴെ കാലപഴക്കമുള്ള കെട്ടിടങ്ങളെയും ARV എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു. എന്നാൽ അസസ്സ്മെന്റ് രജിസ്റ്ററിൽ പ്ലിന്ത് ഏര്യ കണക്കാക്കി തന്നെയാണ് നികുതി നിർണയം നടത്തിയിരിക്കുന്നത്. എന്നിരുന്നാലും സഞ്ചയയിൽ അത്തരത്തിലുള്ള മാറ്റം വരുത്തേണ്ടതാണ്.

| ക്രമ നം | ഉടമസ്ഥന്റെ പേരും മേൽവിലാസവും | കെട്ടിട നം/വാർഡ് നം | വിസ്തീർണം | കാലപ്പഴക്കം |
|---|---|---|---|---|
| 1 | വിൽസൺ.കെ,<br>മായ ട്രേഡേഴ്സ്, പോങ്ങുമൂട്<br>കുവളശ്ശേരി | 19/283 A<br>19/283 B | 89.1<br>98.47 | 2 വർഷം<br>“ |
| 2 | വിൽഫ്രഡ് രാജ്,<br>സനൽകുമാർ<br>ചെന്നിയോട്, കുവളശ്ശേരി | 8/44 A | 14.47 | 5 വർഷം |
| 3 | സി.ശ്രീകുമാരി,<br>എസ്.കെ. ബിൽഡിംങ്ങ്,<br>കുവളശ്ശേരി | 8/69 | 19.41 | 5 വർഷം |
| 4 | ഷാജു.വി,<br>വിജയ ഭവൻ,<br>പോങ്ങുമൂട്, കുവളശ്ശേരി | 8/218 | 13 | 2 വർഷം |
| 5 | ശേഖരൻ,<br>വിളക്കറത്തല വടക്കുംക്കര,<br>ഊരുട്ടമ്പലം | 18/327 A | 10 | 4 വർഷം |

## 1-16 ലേല തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല-3140/- രൂപ നഷ്ടം

ലേല തുക പൂർണമായും ഈടാക്കിയിട്ടില്ല. 3140/- രൂപ നഷ്ടം. വിശദവിവരം (ഖ 2.1 കാണുക).

## 1-17 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1)പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചായായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടങ്കിൽ നികുതിയ്ക്ക് വിധേയമായിരിക്കും. എന്നാൽ സ്ഥാപനത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ രണ്ടാം അർദ്ധവാർഷിക നികുതി ഒടുക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം 17 നുള്ള മറുപടി ഹാജരാക്കിയിട്ടില്ല. .പരിശോധനയ്ക്ക് ഡിമാന്റ് നോട്ടീസും ഹാജരാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് |
|---|
| മാറനല്ലൂർ ഗ്രാമപഞ്ചായത്ത് |
| ബി.എസ്.എൻ.എൽ മാറനല്ലൂർ |
| കെ.എസ്.സി.ബി മാറനല്ലൂർ |
| ഗവ.എൽ.പി.എസ്.അരുവിക്കര |
| ഗവ.യു.പി.എസ്.റസൽപുരം |
| മന്നം മെമ്മോറിയൽ NSS EM സ്കൂൾ,കണ്ടല |
| സെന്റ് മേരീസ് സെൻട്രൽ സ്കൂൾ,വണ്ടന്നൂർ |
| റസ്സൽപുരം ക്ഷീര സംഘം |
| കൈരളി എക്സ്പ്പോർട്ടസ് മേലാരിയോട് |
| മുത്തൂറ്റ് മിനി,ഊങ്ങാംപ്പാറ |
| മുത്തൂറ്റ് മിനി,മാറനല്ലൂർ |
| മുത്തൂറ്റ് മിനി,ഊരൂട്ടമ്പലം |
| AE,MNREGS,Maranallor |
| SBI,പുന്നാവൂർ |
| മുത്തൂറ്റ് ഫൈനാൻസ്,മാറനല്ലൂർ |
| റിലൈൻസ് റീട്ടെയിൽ |
| സരസ്വതി വിദ്യാലയം |

(പഞ്ചായത്തിനു കിട്ടേണ്ടതായ തൊഴിൽ നികുതി ഈടാക്കുന്നുവോയെന്നു പരിശോധിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രമിക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള അനാസ്ഥയാണ്). ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പ്രസ്തുത തുകകൾ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 മൊബൈൽ ടവറിൽ നിന്നും വസ്തു നികുതി ഈടാക്കിയില്ല .

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ) 2011 ലെ പട്ടിക 1 ൽ പരാമർശിക്കുന്ന കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങൾക്കും വസ്തു നികുതി ഈടാക്കേണ്ടതാണ്. പട്ടിക

ക്രമനം 10 ൽ പരാമർശിക്കുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി ഈടാക്കിയിട്ടില്ല. (സഞ്ചയയിൽ നിന്നുള്ള വിവരം).

| ക്രമ നം | വാർഡ് നം/ കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | കാലയളവ് | ഈടാക്കുവാനുള്ള തുക |
|---|---|---|---|---|
| 1 | 16/340 A | INDUS TOWERS | 2016-17 മുതൽ 2018-19 | 30240/-രൂപ |
| 2 | 18/221 B | IDEA CELLULAR LTD | 2013-14 മുതൽ 2018-19 | 30240/-രൂപ |
| | | **ആകെ** | | **60480/-രൂപ** |

പ്രസ്തുത തുക പിഴ സഹിതം ഈടാക്കി പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. തുക ഈടാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവ ഈടാക്കേണ്ടതാണ്

22.01.2018-ലെ (സി.എസ്.) എ9-764/2019 ഉത്തരവ് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീ,തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കുവാൻ കഴിയില്ലായെന്നു അറിയിച്ചിട്ടുണ്ട്. ആയതിനാൽ റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവ ഈടാക്കി പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-20 വക്കീൽ ഫീസായി നൽകിയ തുകയിന്മേൽ ആദായ നികുതി ഇൗടാക്കിയിട്ടില്ല.

2018-19 വർഷം അഡ്വ.ടോമി ഇ.ആന്റണിയ്ക്ക് ഒൻപതു കേസുകളിന്മേമേലുള്ള വക്കീൽ ഫീസായി ആകെ 52000/- രൂപ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ | കേസിന്റെ | നല്കിയ | ചെക്ക് നം, |
|---|---|---|---|

| നം | വിശദാംശം | തുക | തീയതി. |
|---|---|---|---|
| 1 | Apl.748/15 | 6000 | 19067/8-10-18 |
| 2 | Apl-1031/15 | 6000 | " |
| 3 | Apl-1045/15 | 6000 | " |
| 4 | Apl-548/16 | 6000 | |
| 5 | Apl-838/16 | 6000 | |
| 6 | Apl-1139/16 | 6000 | |
| 7 | Apl-9/18 | 2000 | |
| 8 | OS-37/13 | 9000 | |
| 9 | OS-955/15 | 5000 | |
| | **ആകെ** | 52000 | " |

ആദായ നികുതി നിയമം സെക്ഷൻ 194(J) പ്രകാരം, 30000/- രൂപയിൽ കൂടുതൽ വക്കീൽ ഫീസായി നൽകുന്ന വേളയിൽ ആദായ നികുതി 10% ഈടാക്കേണ്ടതാണ്. ഇവിടെ പ്രസ്തുത നിയമം പാലിച്ചിട്ടില്ല. 5200/-രൂപ ഈടാക്കി അടവാക്കേണ്ടതാണ്.

# 1-21 വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികൾ പാലിച്ചിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി ഗ്രാമപഞ്ചായത്ത് വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികൾ ചുവടെ ചേർക്കുന്നു. ഇതിൻ പ്രകാരം ഗ്രാമപ്പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശംഎന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | 11/1/18 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | കൃഷി ഓഫീസർ 31/1/18-ലും, മെഡിക്കൽ ഓഫീസർ(PHC) 30-1-18-ലും ലഭ്യമാക്കി. മറ്റുള്ളവർ സമർപ്പിച്ചിട്ടില്ല. |
| 3 | ക്രോഡീകരണത്തിനായി വിവിധ | ജനുവരി 25-ന് | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉൾപ്പെടെ ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയും |

| | | | |
|---|---|---|---|
| | സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | മുൻപ് | ക്രോഡീകരണത്തിനായി യോഗം ചേർന്നിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | നടന്നിട്ടില്ല. |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 28-2-18 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 19/3/18 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 26/3/18 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 27-3-18 |
| 9 | പുതുക്കിയ ബജറ്റ് അംഗീകരിച്ച തീയതി | - | 11-2-19 |

ബഡ്ജറ്റ് പ്രൊപ്പോസലുകളുടെ ക്രോഡീകരണത്തിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടില്ല എന്നുള്ള വസ്തുത ഭരണസമിതി ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്.

# 1-22 അപകടാവസ്ഥയിലായ കെട്ടിടത്തിൽ അംഗൻവാടി പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ വെളിയംകോട് വാർഡിൽ പ്രവർത്തിച്ചു വരുന്ന 62ാം നം അംഗൻവാടി കെട്ടിടം കാലപ്പഴക്കത്താൽ ഏതു നിമിഷവും ഇടിഞ്ഞ് വീഴാറായ അവസ്ഥയിലാണെന്ന് കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ടതായി ജനറൽ കമ്മിറ്റി തീരുമാനം നം 46 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത അംഗൻവാടിയിൽ 12 കുട്ടികൾ പഠിക്കുന്നതായും, കെട്ടിടം പൊളിച്ചു പണിയാൻ തീരുമാനിച്ചതായും, രേഖപ്പെടുത്തിയിരിക്കുന്നു.ടി തീരുമാനം നടപ്പിലാക്കാൻ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം,30) മറുപടി കിട്ടിയില്ല.തുടർന്ന് ഓഡിറ്റ് ടീം അംഗൻവാടി കെട്ടിടത്തിന്റെ ശോച്യാവസ്ഥ നേരിട്ടു കണ്ട് ബോധ്യപ്പെട്ടു.ജീർണാവസ്ഥയിലായ കെട്ടിടത്തിൽ നിന്ന് വാടക കെട്ടിടത്തിലേയ്ക്ക് കുട്ടികളെ മാറ്റാനോ, 2019-20 വാർഷിക പദ്ധതിയിൽ ടി കെട്ടിടം പൊളിച്ചു പണിയാനുള്ള പ്രോജക്ട് ഉൾപ്പെടുത്താനോ

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നടപടി ഉണ്ടാകാഞ്ഞത് ഗുരുതരമായ വീഴ്ചയാണ്. ഇക്കാര്യത്തിൽ ഭരണസമിതി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പ്രതിമാസം 200375/-രൂപ വെള്ളക്കരമായി KWA യ്ക്ക് നല്കിവരുന്നു. ആകെ 458 ടാപ്പുകൾക്കാണ് പ്രസ്തുത തുക നല്കി വരുന്നത്. ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWA യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുവാൻ നെയ്യാറ്റിൻകര KWA-യ്ക്ക് കത്ത് നൽകിയിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി നം.6-ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സംയുക്ത പരിശോധന എത്രയും വേഗം നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 കുടുംബശ്രീ ചെയർപേഴ്സണ് പഞ്ചായത്തു ഫണ്ടിൽ നിന്ന് യാത്രാബത്ത നല്കിയത് നിയമവിരുദ്ധം

തൃശ്ശൂർ വച്ച് 13/12/19-ൽ നടന്ന പഞ്ചായത്തുദിനാഘോഷത്തിൽ പങ്കെടുക്കുന്നതിന് പഞ്ചായത്ത് അംഗങ്ങൾക്ക് വൗച്ചർ നം.21801545 പ്രകാരം യാത്രാബത്ത അനുവദിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ കുടുംബശ്രീ ചെയർപേഴ്സൺ ശ്രീമതി ശോഭനാചന്ദ്രനും 1475/- രൂപ യാത്രാബത്ത നല്കിയിട്ടുണ്ട്. (ചെക്ക് നം.21000/29-3-19). പഞ്ചായത്ത് അംഗമോ സ്റ്റാഫോ അല്ലാത്ത ഒരാൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് യാത്രാബത്ത നല്കിയത് അംഗീകരിക്കുന്നില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8A) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുക പഞ്ചായത്തു ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

## 1-25 കല്യാണ മണ്ഡപത്തിന്റെ ഭൗതിക സാഹചര്യം പരിതാപകരം

ഗ്രാമപഞ്ചായത്തിന്റെ ഓഫീസിനോട് ചേർന്ന് പ്രവർത്തിക്കുന്ന കല്യാണ മണ്ഡപം ഓഡിറ്റ് ടീം സന്ദർശിക്കുകയുണ്ടായി. അതീവ ശോച്യാവസ്ഥയിലാണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്.ഭിത്തികൾ ചോർന്നൊലിച്ച്, വിള്ളൽ വീണ് മരത്തിന്റെ വേര് വളർന്നിറങ്ങിയ അവസ്ഥയിലാണ്. അടുക്കളയുടെ സ്ഥിതി വിവരണാതീതമായ വിധം ദയനീയമാണ്. ഉപയോഗ ശൂന്യമായ ഫർണിച്ചറുകൾ പ്രധാന ഹാളിന്റെ മൂലയിൽ കൂട്ടിയിട്ടിരിക്കുന്നു. ഓഫീസ് തലത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുവാൻ ഘടകസ്ഥാപനങ്ങൾക്ക് നൽകിയ ഉത്തരവു നം A2-3791/18 dt.31-5-18-ൽ 'ഓഫീസും പരിസരവും ശുചീകരിക്കുകയും, ടി ഓഫീസുകളിൽ മാലിന്യം കൂട്ടിയിട്ടിരിക്കുന്നത് പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്തുവെന്ന് ഉറപ്പാക്കേണ്ടതുമാണ്'" എന്ന് പ്രത്യേകം നിർദ്ദേശം നല്കിയ വേളയിലും, ഗ്രാമപഞ്ചായത്തിന്റെ

ഓഫീസിനോട് ചേർന്ന് പ്രവർത്തിക്കുന്ന കല്യാണ മണ്ഡപത്തിന്റെ പ്രധാന ഹാളിന്റെ മൂലയിൽ കൂട്ടിയിട്ടിരിക്കുന്ന ഉപയോഗ ശൂന്യമായ ഫർണിച്ചറുകൾ ശ്രദ്ധിച്ചില്ല എന്നത് ആഭ്യന്തര നിയന്ത്രണത്തിന്റെ അഭാവത്തിന് ഉദാഹരണമാണ്. മാറനല്ലൂർ ഗ്രാമ പഞ്ചായത്തിന് 2019 ജൂൺ മാസം ISO Certification ലഭിച്ചിട്ടുണ്ട്. എന്നിട്ടും, പഞ്ചായത്തിന്റെ ഓഫീസിനോട് ചേർന്ന് പ്രവർത്തിക്കുന്ന കല്യാണ മണ്ഡപത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ ഒരു പദ്ധതി പോലും, തൻവർഷമോ, 2019-20-ലോ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താത്തത്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഗുരുതരമായ വീഴ്ചയാണ്.

# 1-26 സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷവും നടപ്പാക്കിയിട്ടില്ല

16-11-2013-ലെ സർക്കാർ ഉത്തരവ് നമ്പർ 362/2013/തസ്വഭവ ഖണ്ഡിക 11.3 xii (ഇ) യിലും 29-3-2017-ലെ 72/2017/തസ്വഭവ നമ്പരിലുള്ള പദ്ധതി മാർഗനിർദ്ദേശത്തിലും സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷംതന്നെ പൂർത്തീകരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ എ.ഇ. നിർവ്വഹണോദ്യോഗസ്ഥനായി 2018-19-ൽ അംഗീകാരം ലഭിച്ച 34 സ്പിൽ ഓവർ പ്രോജക്ടുകളിൽ 9 എണ്ണം തൻവർഷവും നടപ്പാക്കിയിട്ടില്ല. ഇതിൽ നാലെണ്ണം നടപ്പാക്കാതെ ഉപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ നിർദ്ദേശം പാലിച്ച് സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-27 വൈദ്യുതശ്മശാനം - ഒന്നേകാൽകോടിയിലധികം തുകയ്ക്കുള്ള പണിചെയ്ത് പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല

2015-16 സാമ്പത്തികവർഷം നിർമ്മാണം ആരംഭിച്ച വൈദ്യുതശ്മശാനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2018-19 വർഷം പൂർത്തിയായിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല. ശ്മശാന കെട്ടിടനിർമ്മാണത്തിനായി 62 ലക്ഷം, വൈദ്യുതീകരണത്തിനായി (ഹെവിലൈൻ, ട്രാൻസ്ഫോമർ ഉൾപ്പെടെ) 15.75 ലക്ഷം, ശ്മശാനത്തിന്റെ പ്ലാന്റിന് (ഫർണസ്) 50 ലക്ഷം എന്നിങ്ങനെ ആകെ 127.75 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടെന്നും ഇതിൽ 50,95000/- രൂപ കരാറുകാർക്ക് ഇനി നൽകാനുണ്ടെന്നും അസി. എൻജിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ശ്മശാനത്തിന്റെ പ്ലാന്റ് നിർമ്മാണത്തിന് ESSCO Furnace Ltd Chennaiഎന്ന കമ്പനിയുടെ ടെണ്ടർ അംഗീകരിച്ച് 16.01.2016 ൽ കമ്പനിയുമായി കരാറിൽ ഏർപ്പെടുകയും 2017 നവമ്പർ മാസം ഫർണസിന്റെ പണി പൂർത്തീകരിക്കുകയുമുണ്ടായി. ഇതുമായി ബന്ധപ്പെട്ട മറ്റ് അനുബന്ധനിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ച് ശ്മശാനം പ്രവർത്തനസജ്ജമായത് 2018-19 വർഷമാണ്. ഫർണസ് സ്ഥാപിച്ച ESSCO Furnace ന് നാളിതുവരെ തുക (49,17,600/- രൂപ) നൽകിയിട്ടില്ല.

പേയ്മെന്റിനായി സ്ഥാപനം പലതവണകത്ത് നൽകിയെങ്കിലും ഗ്രാമപഞ്ചായത്തിൽ നിന്നും മറുപടിയൊന്നും നലകിയിട്ടില്ല (കരാർ തുകയുടെ 80% തുക അനുവദിക്കാൻ 9.11.16-ലും, 85% തുക അനുവദിക്കാൻ 29.03.2017, 18.05.2017തീയതികളിലും, പ്രവൃത്തിപൂർത്തീകരിച്ചതിനാൽ മുഴുവൻ തുകയും നൽകാൻ 15.03.2019 ലും കത്ത് നൽകിയിട്ടുണ്ട്). കേന്ദ്രാവിഷ്കൃത പ്രോജക്ടായതിനാൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുകനൽകുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറിക്ക്(നം.15) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. കരാർപ്രകാരമുള്ള പണിപൂർത്തീകരിച്ചിട്ടും സ്ഥാപനത്തിന് തുക നൽകാത്തത് നിയമനടപടിക്ക് വിധേയമാകാൻ സാധ്യതയുണ്ടെന്ന് വിലയിരുത്തുന്നു.

ശ്മശാനത്തിന്റെ പണിപൂർത്തീകരിച്ചിട്ടും നാളിതുവരെ പ്രവർത്തനം തുടങ്ങാത്തതിന് ഓഡിറ്റ് എൻക്വയറി നൽകിയതിന്(15) വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. ഇൻസ്റ്റാൾ ചെയ്തിട്ടും ദീർഘനാളായി ഉപയോഗിക്കാത്തതിനാൽ ഫർണസ് കാലഹരണപ്പെടാൻ സാധ്യതയുണ്ട്. ശ്മശാനത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**2018-19 വർഷം ശ്മശാനത്തിന്റെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.**

1. പ്രോജക്ട് നം. - 208/19 (197/18)

അടങ്കൽ - 95000/-

കരാറുകാരൻ - ശ്രീ.റ്റി.സുരേഷ് (2% കുറഞ്ഞ നിരക്ക്)

2017-18-ൽ അംഗീകാരം ലഭിച്ച പ്രോജക്ടുപ്രകാരം ശ്മശാനത്തിന്റെ വൈദ്യുതീകരണത്തിനായി കരാറുകാരനുമായി 12.10.2017-ൽ കരാറിലേർപ്പെട്ട് സൈറ്റ് കൈമാറിയെങ്കിലും പണി ആരംഭിച്ച് പൂർത്തീകരിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ പ്രവൃത്തി നടപ്പാക്കാത്തപക്ഷം ടിയാനെതിരെ നിയമനടപടി സ്വീകരിക്കുന്നതാണെന്ന് കാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്(28.02.2018-ൽ AE/LSGD/MNR/18 നമ്പർ കത്ത്).

കരാറുകാരനെതിരെ സ്വീകരിച്ച തുടർനടപടിവിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.15) കരാറുകാരൻ പണിപൂർത്തീകരിച്ചതായി ജില്ലാപഞ്ചായത്ത് ഇലക്ട്രിക്കൽ വിഭാഗം അറിയിച്ചിട്ടുണ്ടെന്നും എന്നാൽ എം.ബുക്ക് , ബില്ല് എന്നിവ തയ്യാറാക്കി നൽകിയിട്ടില്ലായെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ടിയാന് 2018-19 ൽ പേയ്മെന്റ് നൽകിയിട്ടില്ല.

മേൽ പ്രോജക്ട് കൂടാതെ ശ്മശാന വൈദ്യുതീകരണത്തിനായി പുതിയൊരു പ്രോജക്ട് 2018-19 വർഷം അംഗീകാരം വാങ്ങി നടപ്പാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

2. പ്രോജക്ട് - 220/19(വൈദ്യുത ശ്മശാനത്തിന്റെ വൈദ്യുതീകരണം)

അടങ്കൽ - 210000/- (ട്രെഷറി ഡി.ഡി നം.1736818/22.3.2019-203455/-

1736819/22.3.2019-1975)

കരാറുകാരൻ - കെ.ഖാനൻ, ഇലക്ട്രോൺ, കൊല്ലം

40% above estimate നിരക്കിൽ കോട്ട് ചെയ്ത കരാറുകാരനുമായി നെഗോഷിയേൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് നിരക്കിൽ ചെയ്യാമെന്ന് സമ്മതിക്കുകയും പ്രവൃത്തിപൂർത്തീകരിച്ച് 25.03.2019 ന് ബില്ല് പാസ്സാക്കി നൽകുകയുമുണ്ടായി.

ഒരേ പ്രവൃത്തിക്ക് രണ്ട് പ്രോജക്ട് തയ്യാറാക്കിയതിന്റെ കാരണംആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(15) പ്രോജക്ട് നം. 197/18 എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരുന്ന പണികൾ കൂടാതെ ഇലക്ട്രിക്കൽ ഫർണസിന്റെ പ്രവർത്തനത്തിനാവശ്യമായ ചില പ്രവൃത്തികൾകൂടി ഉൾപ്പെടുത്തണമെന്ന് ജില്ലാപഞ്ചായത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ ആവശ്യപ്രകാരമാണ് ഇപ്രകാരം പ്രോജക്ട് നയ്യാറാക്കിയത് എന്ന മറുപടിയാണ് ലക്ഷ്യമാക്കിയിട്ടുള്ളത്.

എന്നാൽ ശ്മശാനനിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഫർണസ് സ്ഥാപിച്ച ESSCO Furnace Ltd എന്നസ്ഥാപനം, ഫർണസ് പ്രവർത്തിപ്പിക്കാനാവശ്യമായ ഇലക്ട്രിക്കൽ വർക്കുകളുടെ സ്പെസിഫിക്കേഷൻ ഗ്രാമപഞ്ചായത്തിൽ കത്ത് മുഖേന അറിയിച്ചിട്ടും ഇത് കണക്കിലെടുത്തല്ല ആദ്യം(പ്രോജ. നം. 197/18) ഇലക്ട്രിക്കൽ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. ഫർണസ് പ്രവർത്തിപ്പിക്കാൻ ഇപ്രകാരം ചെയ്ത ഇലക്ട്രിഫിക്കേഷൻ അപര്യാപ്തമാണെന്നും, ഇത്തരം പ്രവൃത്തികൾ ചെയ്യാൻ ആവശ്യമായ യോഗ്യതയുള്ള ഇലക്ട്രീഷനെക്കൊണ്ടല്ല പ്രവൃത്തി നടപ്പാക്കിയതെന്നും, വീണ്ടും 2 ലക്ഷത്തോളം രൂപയുടെ ഇലക്ട്രിക് പ്രവൃത്തികൾ ചെയ്താൽ മാത്രമേ ഫർണസ് പ്രവൃത്തിപ്പിക്കാനാകുവെന്നും അറിയിച്ച് സ്ഥാപനം ഗ്രാമപഞ്ചായത്തിന് 2018 മെയ് മാസം കത്ത് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് രണ്ടാമത് 220/19 നമ്പറായി പ്രോജക്ട് തയ്യാറാക്കി ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നടപ്പാക്കിയിട്ടുള്ളത്.

ഫർണസ് പ്രവർത്തിപ്പിക്കാൻ സ്ഥാപനം നൽകിയ സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാലാണ് ഇത്തരത്തിൽ വീണ്ടും ഇലക്ട്രിഫിക്കേഷൻ നടത്തേണ്ടിവന്നതെന്ന് വിലയിരുത്തുന്നു. കൃത്യമായ ആസൂത്രണത്തോടെ നിശ്ചിത യോഗ്യതയുള്ള കരാറുകാരനെക്കൊണ്ട് പ്രവൃത്തി നടപ്പാക്കിയിരുന്നുവെങ്കിൽ ഇത്തരത്തിൽ ഒരേ പ്രവൃത്തിക്ക് രണ്ട് പ്രോജക്ട് തയ്യാറാക്കേണ്ട സാഹചര്യം ഒഴിവാക്കാമായിരുന്നു. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

# 1-28 പണിപൂർത്തീകരിക്കാനുണ്ടായ കാലതാമസത്തിന് അപേക്ഷസമർപ്പിച്ചില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികൾക്കും പൂർത്തീകരണകാലാവധി 4 മാസമായാണ് നിജപ്പെടുത്തിയിരിക്കുന്നത്(TS പ്രകാരം). ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തിഫയലുകൾ പരിശോധിച്ചതിൽ നിശ്ചിതസമയപരിധിക്കുള്ളിൽ പണിപൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല.

| പ്രോജക്ടിന്റെ പേര് | ചെലവ് | എഗ്രിമെന്റ് തീയതി കാലാവധി | പിഴ കൂടാതെ പണി പൂർത്തീകരിക്കേണ്ട തീയതി | പണി പൂർത്തീകരിച്ച തീയതി | പിഴ ഒഴിവാക്കിയതിന്റെ കാരണമായി നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മുപടി |
|---|---|---|---|---|---|
| 122/19 (പ്രാഥമികാരോഗ്യകേന്ദ്രം നവീകരണം) കോൺട്രാക്ടർ- ശ്രീ.പ്രശാന്ത്.സി.വി | 99893/- | 13.08.2018 4 മാസം | 13.12.2018 | 08.02.2019 | ആശുപത്രി അധികൃതരുടെ ആവശ്യപ്രകാരം മാറ്റങ്ങൾ വരുത്തേണ്ടി വന്നതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വന്നതിനാലാണ് പൂർത്തീകരിക്കാൻ കാലതാമസമുണ്ടായത് |
| 90/18-19 (പൂവൻവിള ആർ.സി.ചർച്ച് റോഡ്പുനരുദ്ധാരണം) കോൺട്രാക്ടർ- ശ്രീ.ബഷീർകണ്ണ് | 237490/- | 07.09.2018 4 മാസം | 07.01.2019 | 31.01.2019 | സ്ഥലത്തെ സംബന്ധിച്ച തർക്കങ്ങൾ കാരണമാണ് സമയബന്ധിതമായി പണിപൂർത്തീകരിക്കാത്തത് |
| 127/19 (മണ്ണറമൂല, കാവടിത്തേരി മെറ്റലിംഗ് & ടാറിംഗ്) കോൺട്രാക്ടർ- ശ്രീ.പ്രദീപ്.എസ് | 544096/- | 25.09.2018 4 മാസം | 25.01.2019 | 19.03.2019 | ടാറിംഗ് പ്രവൃത്തികളായതിനാൽ കാലാവസ്ഥഅനുകൂലമല്ലാത്തിനാൽ കാലതാമസമുണ്ടായി |
| 74/19 (വടക്കേവാഴപ്പള്ളി- അച്ചാമത്ത്കോണം മെറ്റലിംഗ്, ടാറിംഗ്) കോൺട്രാക്ടർ- ശ്രീ.പ്രദീപ്.എസ് | 494574/- | 03.05.2018 4 മാസം | 03.09.2018 | 19.03.2019 | |

മേൽപ്പറഞ്ഞ എല്ലാ പ്രവൃത്തികളിലും കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയല്ലാത്തതിനാലാണ് പിഴ ഈടാക്കാതിരുന്നതെന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.

കേരളാ പൊതുമരാമത്ത് വകുപ്പ് മാനുവൽ 2012 (ജി.ഒ (പി)13/2012) പാർട്ട്2 പ്രവർത്തന സമ്പ്രദായങ്ങളിലെ സെക്ഷൻ 2112 ൽ കരാറുകാരന്റേതല്ലാത്ത കാരണത്താൽ പൂർത്തീകരണമാവാത്തതിന് ദീർഘീകരണത്തിനായി കാലാവധി തീരുന്നതിനു മുൻപ് കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ നല്കേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തികൾക്കൊന്നും ഇപ്രകാരം ദീർഘീകരണത്തിന് അപേക്ഷ നൽകിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് സർക്കാർ നിർദ്ദേശം കർശനമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-29 ടെണ്ടർ വിളിച്ച് കരാറുറപ്പിച്ച പ്രവൃത്തികൾ നടപ്പാക്കാതെ ഉപേക്ഷിച്ചു

തൻവർഷം കരാറുപ്പിച്ചതിൽ നാല് പ്രവൃത്തികൾ നടപ്പാക്കാതെ ഉപേക്ഷിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| 1. പ്രോജക്ട് നം. 188/19 (മൈലോട് തോടിനുകുറുകെ സ്ലാബിടൽ),<br>2. പ്രോജക്ട് നം. 190/19 (വാണിയംകോട് നടപ്പാത സ്ലാബ് നിർമ്മാണം),<br>3. പ്രോജക്ട് നം. 195/19 (മുണ്ടൻചിറ പാറയിൽ തോടിനുകുറുകെ സ്ലാബ്) | സ്ഥലത്തെ തർക്കം കാരണം ഉപേക്ഷിച്ചു |
| 4. പ്രോജക്ട് നം. 206/19 (38-ാം നം.അംഗൻവാടി പുനരുദ്ധാരണം) | അംഗൻവാടി സ്ഥലത്തിന്റെ ഉടമസ്ഥാവകാശതർക്കം കാരണം നടപ്പാക്കിയില്ല |

വ്യക്തമായ ലക്ഷ്യത്തോടെ, മതിയായ ആസൂത്രണം നടത്തി പ്രോജക്ട് തയ്യാറാക്കാത്തതിനാലാണ് ഇത്തരത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കാതെ ഉപേക്ഷിക്കേണ്ടിവന്നത്. ഇക്കാര്യം ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും, സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-30 ലൈഫ് ഭവനപദ്ധതി-അവലോകനം

എല്ലാപേർക്കും സുരക്ഷിത ഭവനം എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയാണ് ലൈഫ് ഭവന പദ്ധതി. ഗ്രാമപഞ്ചായത്തിൽ പദ്ധതിയുടെ രണ്ടാമത്തെ ഘട്ടമായ

ഭൂമിയുള്ള ഭവനരഹിതർക്കുള്ള ഭവന നിർമ്മാണത്തിനുള്ള ധനസഹായവിതരണ പദ്ധതിയാണ് 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയിരിക്കുന്നത്.ഗുണഭോക്താക്കളുടെയും ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

***<u>ഗുണഭോക്താക്കളുടെ എണ്ണം (കരാറിൽ ഏർപ്പെട്ടവർ)</u>***

| | |
|---|---|
| ജനറൽ | 188 |
| പട്ടികജാതി | 29 |
| പട്ടിക വർഗ്ഗം | 1 |
| **ആകെ** | **218** |

***<u>തുക അനുവദിച്ചവർ</u>***

| | |
|---|---|
| ജനറൽ | 183 |
| പട്ടികജാതി | 28 |
| പട്ടിക വർഗ്ഗം | 1 |
| ആകെ | 212 |

**<u>ഫണ്ട് വിനിയോഗം 31.03.2019 വരെ</u>**

| വിഭാഗം | പ്ലാൻ ഫണ്ട് അടങ്കൽ ചെലവ് | ബ്ലോക്ക് വിഹിതം അടങ്കൽ ചെലവ് | ജില്ലാ വിഹിതം അടങ്കൽ ചെലവ് | മറ്റുള്ളവ അടങ്കൽ ചെലവ് | ആകെ അടങ്കൽ ചെലവ് |
|---|---|---|---|---|---|
| ജനറൽ | 4531361<br>4531361 | 1947000<br>1947000 | 1227959<br>1225516 | 49493680<br>23236123 | 5,72,00,000<br>3,09,40,000 |
| പട്ടികജാതി | 2800000<br>2800000 | 1204000<br>1204000 | 1601898<br>1596000 | 1480000<br>0 | 7085898<br>5600000 |
| പട്ടിക വർഗ്ഗം | 385339<br>385339 | 0<br>0 | 14661<br>14661 | 0<br>0 | 400000<br>400000 |
| **ആകെ** | 7716700<br>7716700 | **3151000<br>3151000** | **2844518<br>2836177** | **50973680<br>23236123** | **64685898<br>36940000** |

വിവിധ ഘട്ടങ്ങളിൽ വിതരണം ചെയ്ത തുകയുടെ വിവരം31.03.2019 വരെ

| വിഭാഗം | ആദ്യ ഗഡു 40000/-രൂപ | രണ്ടാം ഗഡു 1,60,000/- | മൂന്നാം ഗഡു 1,60,000/- | നാലാം ഗഡു 100000/- | ആകെ വിതരണം ചെയ്ത തുക |
|---|---|---|---|---|---|
| ജനറൽ | 183x40000 =7320000 | 126 x160000 =20160000 | 16x100000+ 31x60000= **3460000** | | 3,09,40,000/- |
| പട്ടികജാതി | 28 x40000 =1120000 | 22x160000= 3520000 | 1x160000+ 8x100000= **960000** | | 5600000/- |
| പട്ടിക വർഗ്ഗം | 1x40000=40000 | 1x160000= 160000 | 1x100000= **100000** | 1x100000= 100000 | 400000/- |
| ആകെ | 212x40000= 8480000 | 149x160000= 23840000/- | 1x160000+ 25x100000+ 31x60000= **4520000/-** | 100000/- | **3,69,40,000/-** |

**സമയബന്ധിതമായി പണിപൂർത്തിയാക്കാത്തവ**

16.03.2018ലെ സ. ഉ(കൈ)നം,34/2018 തസ്വഭവ ഉത്തരവ് ക്രമ നം (6) പ്രകാരം ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കൾക്കുള്ള ധനസഹായം ഒന്നാം ഗഡു വിതരണം ചെയ്ത തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണെന്നിരിക്കെ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് വിവരം (ജനറൽ) | വാർഡ് നം | ഒന്നാം ഗഡു വിതരണം ചെയ്ത തീയതി |
|---|---|---|---|
| 1 | ശാലിനി.എസ്/രാജേഷ്.ആർ | 15 | 6.08.2018 |

| | | | |
|---|---|---|---|
| | മൂലയിൽ വീട്,റസൽപുരം | | |
| 2 | രാധ.കെ/മാധവൻ<br>സുരേഷ് ഭവൻ,അഴകം | 2 | 18.07.2018 |
| 3 | അൽഫോൺസ്<br>അയലത്തു മേലേ പുത്തൻവീട്<br>നീറമൺക്കുഴി | 17 | 24.07.2018 |
| 4 | കോമളം/മുത്തു<br>മീരാതാര ഭവൻ<br>കൊല്ലംക്കോട്,ഊരൂട്ടമ്പലം | 17 | 24.07.2018 |
| 5 | വിജയകുമാരി<br>പൂവൻവിള,പള്ളിത്തറ പുത്തൻവീട് | 7 | 24.07.2018 |
| 6 | രമ.കെ<br>കണ്ണേറ്റപുത്തൻവീട്,കൊറ്റംപള്ളി,കണ്ടല | 6 | 05.10.2018 |
| 7 | രാജശേഖരനാശാരി<br>മാളവിക,മുല്ലപള്ളിക്കോണം | 20 | 24.07.2018 |
| 8 | പത്മകുമാരി<br>തിനക്കോട്ടുകോണം മേലേപുത്തൻ വീട്<br>ചീനിവിള | 20 | 24.07.2018 |
| 9 | അനിരുദ്ധൻ<br>അനിൽ ഭവൻ<br>ചെമ്പൻകുഴി, വണ്ടന്നൂർ | 12 | 28.07.2018 |
| 10 | സനൽകുമാർ.റ്റി/അഞ്ജു.റ്റി (എസ്.സി)<br>കളത്തിൻക്കര വീട്,കിളിക്കോട്ട്കോണം | 17 | 31.07.2018 |
| 11 | വിക്രമൻ.സി/ബേബി.റ്റി<br>ഹരിജൻ കോളനി,കണ്ടല,തുങ്ങാംപാറ | 4 | 03.09.2018 |
| 12 | ശശിധരൻ.കെ/കുമാരി.എ<br>എസ്.കെ.സദനം,കീഴ്പ്പാട്ടുവിള | 17 | 3.09.2018 |
| 13 | സുരേഷ്കുമാർ.കെ/പ്രീതാകുമാരി<br>വിനോദ് ഭവൻ,കുവളശ്ശേരി. | 18 | 9.10.2018 |

ഓഡിറ്റ് എൻക്വയറി നം.4/19 നുള്ള മറുപടിയിൽ മേൽ ഗുണഭോക്താക്കൾ മേൽക്കൂര വാർത്തവരും, വീടു പണിയുടെ അവസാനഘട്ടത്തിൽ ഉള്ളവരാണെന്നും അറിയിച്ചിരിക്കുന്നു. പദ്ധതി മാർഗ്ഗരേഖ നിർദ്ദേശിക്കും

പ്രകാരം പണി പൂർത്തിയാക്കുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-31 ഹോമിയോ ആശുപത്രിയ്ക്ക മരുന്ന് ലഭ്യമാക്കിയിട്ടില്ല -131265/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം/പേര് | S0011/19, ഹോമിയോ മരുന്ന് വാങ്ങൽ |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| അടങ്കൽ | 250000/- |
| ചെലവ് | 250000/- |
| ബിൽ നം/തീയതി | 2/10.12.2018 |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ആയുർവേദം |

സർക്കാർ അംഗീകൃത സ്ഥാപനമായ ഹോംകോയിൽ നിന്നും മരുന്ന വാങ്ങുന്നതിനായി 10.12.2018 ൽ 250000/-രൂപ നൽകിയെങ്കിലും 6.08.2019 ൽ മാത്രമാണ് 118735/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിരിക്കുന്നത്.ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അധികൃതരുടെ ഭാഗത്തു നിന്നു ഉണ്ടാക്കേണ്ടതാണ്. 131265/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയ വിവരം അറിയിക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്

## 1-32 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല- 1,89,000/-രൂപ തടസ്സം

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ കോഴ്സുകൾ, ബിരുദം, ബിരുദാനന്തര ബിരുദം, ഡിപ്ലോമ എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി 42 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകുക എന്നതാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ഇ-ടെണ്ടറിൽ കുറഞ്ഞ തുക ക്വട്ട് ചെയ്ത പവർ സി.എം.എസ് ടെക്നോളജി എന്ന സ്ഥാപനത്തിൽ നിന്നും 27,000/- രൂപ നിരക്കിലുള്ള 42 ലാപ് ടോപ്പുകൾ (64 ബിറ്റ് മൾട്ടി കോർ X 86 പ്രോസസ്സർ വിത്ത് ത്രഡ് ഹാവിംഗ് സ്പെസിഫിക്കേഷൻ) വാങ്ങി (42@22,881.36=9,61,017.12/-ജി.എസ്.റ്റി @ 18%-1,72,983.08/- = 11,34,000/-) ഇതിൽ 35 എണ്ണം മാത്രമാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളത്.ഇത് സംബന്ധിച്ച് 18.11.2019 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.19 ന് വിതരണം ചെയ്യാത്ത 7 ലാപ് ടോപ്പുകൾ ഗവൺമെൻറ് എൽ.പി.എസ് അരുവിക്കര,പുന്നാവൂരിൽ സൂക്ഷിച്ചിരിക്കുകയാണെന്നും, പ്രസ്തുത പ്രോജക്ടിനായുള്ള വിവിധ വാർഡുകളിലെ ഗുണഭോക്തൃ ലിസ്റ്റുകളിൽ ആകെ 84 പേർ ഉണ്ടായിരുന്നത് കണക്കിലെടുത്താണ് 42 ലാപ്ടോപ്പുകൾ വാങ്ങിയതെന്നും

35 ഗുണഭോക്താക്കൾ മാത്രമാണ് അർഹത മാനദണ്ഡങ്ങൾ അനുസരിച്ചുള്ള രേഖകൾ ഹാജരാക്കിയതെന്നും ആയതിനാലാണ് 7 ലാപ്ടോപ്പുകൾ ബാക്കി വന്നതെന്നുമാണ് എച്ച്.എം മറുപടി ലഭ്യമാക്കിയത്.21.11.19 ലെ പ്രാദേശിക പരിശോധനയിൽ 7 ലാപ്ടോപ്പുകൾ സ്കൂളിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ട് ബോധ്യപ്പെട്ടിട്ടുണ്ട്.

അർഹതയുള്ള ഗുണഭോക്താക്കളെ കണ്ടെത്താതെ ലാപ്ടോപ്പുകൾ വാങ്ങിയത് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടേയും ആരോഗ്യ-വിദ്യഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റിയുടേയും നിർവ്വഹണ ഉദ്യാഗസ്ഥയുടേയും വീഴ്ചയാണ്.ആയതിനാൽ വിതരണം ചെയ്യാത്ത 7 ലാപ്ടോപ്പുകളുടെ തുകയായ 27,000 X 7 =1,89,000/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യുന്നതിനുള്ള അടിയന്തിര തുടർനടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-33 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ,കസേര വാങ്ങൽ -പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധം -93,000/-രൂപ തടസ്സം

| | |
|---|---|
| പ്രോജക്ട് നം. | 126/18-19 |
| അടങ്കൽ തുക | 3,15,000/- |
| ചെലവ് തുക | 2,25,351/- |
| ഫണ്ട് ഇനം | എസ്.സി.പി |
| ബിൽ നം. & തീയതി | 7/18-19,16.01.2019 |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ |

മേൽ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശയും,കസേരയും (സ്റ്റീൽ/മരം)വാങ്ങി നൽകുന്നതിന് 5,000/-രൂപ വരെ ധനസഹായം ഗ്രാമപഞ്ചായത്തുകൾക്ക് നൽകാവുന്നതും സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം നൽകേണ്ടതും ഫർണിച്ചർ വാങ്ങി വിതരണം ചെയ്യേണ്ടതും ഒരു വിദ്യർത്ഥിക്ക് പഠന കാലയളവിൽ ഒരിക്കൽ മാത്രമെ ഈ ആനുകൂല്യം നൽകാവുന്നതും നിർധനരായ കുടുംബങ്ങളിലെ കുട്ടികൾക്ക് മുൻഗണന നൽകേണ്ടതും ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രം, മുൻപ് പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ലയെന്ന് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം

എന്നിവയുടെ പിൻബലത്തിലാണ് ആനുകൂല്യം നൽകേണ്ടതെന്നാണ് (സ.ഉ(കൈ)നം.22/2018/ തസ്വഭവ,14.02.2018 സബ്സിഡി മാർഗ്ഗരേഖ ഖ.7.2.7) നിഷ്കർഷിച്ചിരിക്കുന്നത്.

ഇവയിൽ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്,ബ്ളോക്ക് പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം,വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഇല്ലാതെ ചുവടെ ചേർക്കുന്ന വിദ്യർത്ഥികൾക്ക് 2018-19 സാമ്പത്തിക വർഷം ആനുകൂല്യം നൽകിയിട്ടുണ്ട്.

| ക്രമ നം | പേര് | സ്കൂൾ |
|---|---|---|
| 1 | നിഖില .എം.ബി | കെ.പി.എം.എച്ച്.എസ്, കൃഷ്ണപുരം |
| 2 | ആര്യ .ജെ.ആർ | സെൻറ്. ക്രിസ്റ്റോം ജി.എച്ച്.എസ്,നെല്ലിമൂട് |
| 3 | അനഘ മഹേശ്വരൻ. എസ്.എം | ഗവ.ജി.എച്ച്.എസ്,മലയിൻകീഴ് |
| 4 | അനന്ദു അശോകൻ | ഡി.വി.എം.എൻ.എൻ.എം.എച്ച്.എസ്.എസ്, മാറനല്ലൂർ |
| 5 | പ്രിൻസി | സെൻറ് ക്രിസ്റ്റോം ജി.എച്ച്.എസ്,നെല്ലിമൂട് |
| 5 | അതുൽ ബാബു .ആർ | ഡി.വി.എം.എൻ.എൻ.എം.എച്ച്.എസ്.എസ്,മാറനല്ലൂർ |
| 6 | സാന്ദ്ര | ഗവ.എച്ച്.എസ്,കണ്ടല |
| 7 | ജയശ്രീ.ജെ.എസ് | ഡി.വി.എം.എൻ.എൻ.എം.എച്ച്.എസ്.എസ്,മാറനല്ലൂർ |
| 8 | അഭിജിത്ത് .എ.എസ് | സേൻറ്. ഫിലിപ്പ് ഇംഗ്ലീഷ് മീഡിയം എച്ച്.എസ്,നെയ്യാറ്റിൻകര |
| 9 | ശ്രേയ. ബി | സെൻറ് ക്രിസ്റ്റോം ജി.എച്ച്.എസ്, നെല്ലിമൂട് |

ഒരു മേശക്ക് 2109.32/- രൂപ നിരക്കിലും ഒരു കസേരക്ക് 922.03/-രൂപ നിരക്കിലും പ്രസ്തുത പദ്ധതി പ്രകാരം 63 മേശയും 63 കസേരയും ശബരി സ്റ്റീൽ ഫർണിച്ചർ,കുതിരകുളം പി.ഒ,വെള്ളനാട് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ വ്യവസ്ഥയിൽ വാങ്ങിയിട്ടുണ്ട്.ഇതിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 46 വിദ്യർത്ഥികൾക്ക് മേശയും കസേരയും വിതരണം ചെയ്തിട്ടുണ്ട്.ബാക്കി 17 എണ്ണം വിദ്യർത്ഥികൾക്ക്

വിതരണം ചെയ്യാതെ പുന്നാവൂർ അരുവിക്കര എൽ.പി.എസിൽ സൂക്ഷിച്ചിരിക്കുന്നതായി 21.11.2019 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു.

ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെയും,മുൻപ് ടി ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്ന് ബ്ളോക്ക് പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം,വരുമാന സർട്ടിഫിക്കറ്റ് എന്നിവയുടെ അഭാവത്തിൽ ആനുകൂല്യം നൽകുവാനുണ്ടായ സാഹചര്യവും പൂർണ്ണമായും വിതരണം ചെയ്യാത്തതിനുള്ള കാരണം വ്യക്തമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (5/19) മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിദ്യർത്ഥികൾക്ക് മേശ,കസേര എന്നിവ സ്കൂൾ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നൽകിയതായും അതിൽ ജാതി വ്യക്തമാക്കിയിട്ടുള്ളതായും എത്രയും പെട്ടെന്ന്സർട്ടിഫിക്കറ്റ് ഹാജരാക്കാമെന്നും അർഹരായവർ ഇല്ലാത്തതുകൊണ്ടാണ് പൂർണ്ണമായും വിതരണം ചെയ്യാത്തത് എന്ന മറുപടിയാണ് നൽകയിട്ടുള്ളത്. മേശയുടേയും കസേരയുടേയും വില വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | വില |
|---|---|---|
| 1 | 26 മേശ @ 2,109.32 | 54,842/- |
| | @ 18% GST | 9,872/-<br>**ആകെ – 64,714/-** |
| 2 | 26 കസേര @922.03 | 23,972/- |
| | @ 18% GST | 4,314/-<br>**ആകെ – 28,286/-** |
| | **ആകെ** | **93,000/-** |

സർക്കാർ മാർഗ്ഗരേഖക്ക് വിരുദ്ധമായി നൽകിയതും വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നതുമായ ആകെ 26 മേശയുടേയും 26കസേരയുടേയും വിലയായ 93,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വക്കുന്നു. പദ്ധതിയുടെ ആനുകൂല്യം അർഹരായവർക്ക് ലഭ്യമാക്കുവാൻ കഴിയാതെ പോയത് ഭരണസമിതിയുടേയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വീഴ്ചയാണ്. ആയത് പൂർണമായും വിതരണം ചെയ്യാനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതും മതിയായ അനുബന്ധ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതുമാണ്.

# 1-34 2018-19 പാലിയേറ്റീവ് കെയർ പദ്ധതി പ്രവർത്തനത്തിലെ അപാകങ്ങൾ

1. 29.10.2015 ലെ സർക്കാർ ഉത്തരവ് (സാധാ) നം 3217/2015 തസ്വഭവയുടെ

ഖണ്ഡിക 2.2.2 പ്രകാരം സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനായി അലോപ്പതി, ആയുർവേദ, ഹോമിയോ ആരോഗ്യ സ്ഥാപനങ്ങളിലെ ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ,ആരോഗ്യവകുപ്പിലെ ഫീൽഡ് ജീവനക്കാർ, ആശാവർക്കർമാർ, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കാൻ സന്നദ്ധതയുള്ള സംഘടനകളുടെ പ്രതിനിധികൾ, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ പ്രതിഫലേച്ഛ കൂടാതെ പ്രവർത്തിക്കാൻ സന്നദ്ധതയുള്ള വ്യക്തികൾ, കുടുംബശ്രീ സി ഡി എസ് ഭാരവാഹികൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം, എൻ സി സി യൂണിറ്റുകളുടെ ചുമതലയുള്ള അദ്ധ്യാപകർ എന്നിവരുടെ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. ഇത്തരത്തിലുള്ള സന്നദ്ധ പ്രവർത്തകരെ വിളിച്ചു കൂട്ടാറില്ല എന്നും എച്ച്.എം.സി/ പി.എം.സി യോഗം വിളിച്ചു ചേർത്ത് സാമ്പത്തിക വർഷത്തിലെ പാലിയേറ്റീവ് പ്രവർത്തനത്തെ കുറിച്ച് ചർച്ച ചെയ്യാറുണ്ടെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (2/19,15.11.19) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2. ഖണ്ഡിക 2.5.6 പ്രകാരം പാലിയേറ്റീവ് കെയർ ആവശ്യമുള്ള വ്യക്തികളുടെ പേരുകളടങ്ങിയ നോമിനൽ രജിസ്റ്റർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

3. ഖണ്ഡിക 2.6.2 (4),(5),(6) എന്നിവ പ്രകാരം ആയുർവേദ, ഹോമിയോ ചികത്സാരീതികൾ പിന്തുടരുന്ന രോഗികൾക്ക് പ്രസ്തുത ചികിത്സാരീതികളുമായി ബന്ധപ്പെട്ട ചികിത്സ ലഭ്യമാക്കിയിട്ടില്ല.

4. ഖണ്ഡിക 2.6.3 (2) പ്രകാരം ഗൃഹ സന്ദർശന ഷെഡ്യൂളിന്റെ പകർപ്പ് ഗ്രാമ / വാർഡ് കേന്ദ്രങ്ങളെ അറിയിച്ച് അവിടത്തെ നോട്ടീസ് ബോർഡുകളിൽ പതിച്ചിട്ടില്ല.

5. ഖണ്ഡിക 2.6.8 പ്രകാരം രോഗികൾക്ക് ആവശ്യമായ പരിചരണ സാമഗ്രികൾ പൊതുസമൂഹത്തിന്റെ സഹായത്താൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

6. ഖണ്ഡിക 2.6.12 പ്രകാരം തൊഴിൽപരമായ പുനരധിവാസത്തിന് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

7. ഖണ്ഡിക 2.6.13 പ്രകാരം ബോധവത്ക്കരണത്തിനായി വാർഷിക സംഗമം നടത്തിയിട്ടില്ല.

8. ഖണ്ഡിക 2.11.1 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പി എം സി യുടെ ആഭിമുഖ്യത്തിൽ അവലോകനയോഗം നടത്തിയിട്ടില്ല.

9. ഖണ്ഡിക 2.6.5 (v) പ്രകാരം 30.06.2007 ലെ സർക്കാർ ഉത്തരവ് (എം എസ്) നം 170/07/തസ്വഭവ അനുസരിച്ച് വാഹനം പരിപാലിച്ചിട്ടില്ല.

a) ഓരോ അർദ്ധവർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധവർഷത്തിൽ പെട്രോൾ, ഓയിൽ, ടയർ, ട്യൂബ്, ബാറ്ററി, സ്പെയർ പാർട്സ്, റിപ്പയർ, സർവ്വീസിംഗ് തുടങ്ങിയവയ്ക്കുണ്ടായ ചെലവ് സംബന്ധിച്ച്

വാഹനത്തിന്റെ കസ്റ്റോഡിയൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

b) ആറു മാസത്തിലൊരിക്കൽ നടത്തേണ്ട വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ല.

c) ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ -

i) കസ്റ്റോഡിയന്റെയോ കസ്റ്റോഡിയൻ ചുമതലപ്പെടുത്തുന്ന ആളിന്റെയോ സാന്നിദ്ധ്യത്തിൽ ഇന്ധന ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കേണ്ടതാണ്.

ii) ഇന്ധനം നിറച്ച തീയതി, ആകെ ഇന്ധനത്തിന്റെ അളവ്, കിലോമീറ്റർ റീഡിംഗ്, ഇന്ധനം നിറയ്ക്കുമ്പോൾ ഹാജരായിട്ടുള്ള ആളിന്റെ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

d) അടിയന്തിരമായി അറ്റകുറ്റപ്പണി ആവശ്യമാണെന്ന് കരുതുന്ന പക്ഷം അത് സംബന്ധിച്ച റിപ്പോർട്ട് ഡ്രൈവർ വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർക്ക് നൽകേണ്ടതാണ്.

10. കേരള ഫൈനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 324 പ്രകാരം, കേരള ഫൈനാൻഷ്യൽ കോഡ് വാല്യം II ലെ ഫാറം 48 A യിൽ Summary of Log Book ഉം ഫാറം 48 C യിൽ Maintenance and Repairs Account ഉം പരിപാലിക്കേണ്ടതാണ്.

പ്രവർത്തനങ്ങളിലെ അപാകങ്ങൾ പരിഹരിച്ച് പാലിയേറ്റീവ് രോഗികൾക്ക് പ്രയോജനപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-35 പകൽവീട് പ്രവർത്തനം ആരംഭിക്കേണ്ടതാണ്

പകൽവീട് നിർമ്മാണം, പൂർത്തീകരണം എന്നിവയ്ക്കായി 2018-19 ൽ പ്രോജക്ട് നം.204/19, 159/19 എന്നിവ പ്രകാരം ആകെ 1223488/- രൂപ(യഥാക്രമം 786768/-, 436720/- രൂപ വീതം) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പകൽവീടിന്റെ പ്രവർത്തനം നാളിതുവരെ തുടങ്ങാതെ പൂട്ടിയിട്ടിരിക്കുകയാണ്. സ്ഥലപരിശോധനയിൽ പ്രസ്തുത കെട്ടിടത്തിലേക്ക് പ്രവേശിക്കാൻ വഴിസൗകര്യമില്ലായെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഇലക്ട്രിക് കണക്ഷൻ, വാട്ടർകണക്ഷൻ വർക്കുകളും നടത്തിയിട്ടില്ല. പരിസരം കാടുകയറിയനിലയിലാണ്.

വൈദ്യുതീകരണം, പൈപ്പ് കണക്ഷൻ, കെട്ടിടത്തിലേക്കുള്ള വഴി, മുറ്റം, ചുറ്റുമതിൽ നിർമ്മാണം തുടങ്ങിയപണികൾ നടത്തിയിട്ടില്ലായെന്നും ഗ്രാമപഞ്ചായത്ത് ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് പണിപൂർത്തീകരിക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. പകൽവീടിന്റെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-36 തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം-പദ്ധതി

## പൂർണമായും നടപ്പിലാക്കിയില്ല.105000/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം | 38/18-19 |
| പേര് | തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
| അടങ്കൽ | 105000/- |
| ചെലവ് | 105000/- |
| ബിൽ നം / തീയതി | 3/18-19<br>01.09.2018 |

പഞ്ചായത്ത് പ്രദേശത്തെ തെരുവ് നായ ശല്യം പരിഹരിക്കുന്നതിനായി എ.ബി.സി പദ്ധതിയുടെ നിർവഹണ ഏജൻസിയായി കുടുംബശ്രീയെ ഉൾപ്പെടുത്തുകയും ഉത്തരവിൻ പ്രകാരം ഒരു തെരുവ് നായയെ പിടികൂടി വന്ധീകരിച്ച് പോസ്റ്റ് ഓപറേറ്റീവ് കെയർ നൽകി പിടിച്ചെടുത്ത് സ്ഥലത്തു തന്നെ തിരികെ കൊണ്ടു വിടുന്നതിനായി നായൊന്നിനു 2100/-രൂപ വകയിരുത്തി നിർവഹണം നടത്തിയ പദ്ധതിയിൽ 50 നായ്ക്കളെ പിടികൂടി വന്ധീകരിച്ചതിനു കൃപ എ.ബി.സി ഗ്രൂപ്പ് ,വെള്ളാംഗൽ എന്ന സ്ഥാപനത്തിനു 105000/- രൂപ കൈമാറി.

11.09.2018-ൽ 23 നായ്ക്കളെ പിടിക്കൂടുകയും അന്നു തന്നെ ശസ്ത്രക്രിയ ചെയ്യുകയും 14.09.2018 ൽ അവയെ വിടുതൽ ചെയ്യുകയും ചെയ്തിരിക്കുന്നു. 14.09.2018 ൽ 20 നായ്ക്കളെ പിടികൂടി 15.09.2018-ൽ ശസ്ത്രക്രിയ ചെയ്തു. എന്നാൽ നായ്ക്കളെ വിടുതൽ ചെയ്തതായുള്ള വിവരം രേഖപ്പെടുത്തിയിട്ടില്ല. 19.09.2018-ൽ 7 നായ്ക്കളെ പിടിക്കൂടുകയും 20.09.2018-ൽ ശസ്ത്രക്രിയ ചെയ്യുകയും 25.09.2018 ൽ ൽ അവയെ വിടുതൽ ചെയ്യുകയും ചെയ്തിരിക്കുന്നു.

എന്നാൽ വന്ധ്യംകരണം ചെയ്ത നായ്ക്കളുടെ പരിപാലനം, മരുന്നു വാങ്ങൽ, നായ്ക്കൾക്ക് ആന്റി റാബിസ് വാക്സിൻ നൽകൽ എന്നിവ സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കിയില്ല. നായ്ക്കളെ വന്ധ്യംകരണം ചെയ്തതായി മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതിനു ശേഷമുള്ള നടപടികൾ നടന്നതിനുള്ള രേഖകൾ ഹാജരാക്കിയില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13) ABC പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട ഫയൽ ഓഫീസിൽ ലഭ്യമല്ലായെന്നുള്ള മറുപടിയാണ് നിർവ്വഹണോദ്യോഗസ്ഥൻ നൽകിയിട്ടുള്ളത്. ആയത് തൃപ്തികരമല്ല. ആയതിനാൽ 105000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുടർ നടപടികൾ നടന്നുവെന്നു സംബന്ധിച്ച രേഖയോ വിശദീകരണമോ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്. കേവലം തുക കൈമാറൽ എന്നതിനുപരി പദ്ധതി കൊണ്ട് എന്താണോ ലക്ഷ്യം വച്ചത് ആയതു പ്രാവർത്തികമാക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ലേല തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല-3140/- രൂപ നഷ്ടം

2018-19 ലെ ലേല ഡയറി പരിശോധിച്ചതിൽ നിന്നും ചുവടെ ചേർക്കുന്ന വസ്തുക്കളുടെ ലേലം കൊണ്ട വ്യക്തികളിൽ നിന്നും ലേല തുക പൂർണ്ണമായും ഈടാക്കിയതായി കാണുന്നില്ല.

1. മേലാരിയോട് വാർഡിൽ കൊങ്ങംക്കോട് കുളവരമ്പിലെ 18 മൂട് തെങ്ങിൽ നിന്നും മേലാധായം എടുക്കുന്നതിനുള്ള ലേലം കൊണ്ട വ്യക്തി ശ്രീ.കെ. രാജേന്ദ്രൻ,വേകേകോണം റോഡരികത്ത് വീട്,വെളിയംക്കോട് 1740/-രൂപയ്ക്ക് 22.02.2018-ൽ ലേലം കൊണ്ടുവെങ്കിലും നാളിതുവരെയായി ലേല തുക ഒടുക്കിയിട്ടില്ല.

2. പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ നിൽക്കുന്ന ഒരു മാവിൽ നിന്നും മേലാദായം എടുക്കുന്നതിനുള്ള അവകാശം ലേലം കൊണ്ട ശ്രീ. വിൻലസന്റ്, ഉഷസ്, ചീനിവിള, കുവളശ്ശേരി 20.02.2018-ൽ 140/-രൂപയ്ക്ക് ലേലം കൊണ്ടുവെങ്കിലും നാളിതുവരെയായി ലേല തുക ഒടുക്കിയിട്ടില്ല.

ആകെ 1880/-രൂപ പഞ്ചായത്തിനു ലേലയിനത്തിൽ ലഭിക്കുവാനുണ്ട് .

കൂടാതെ 2018-19 വാർഷിക ധനകാര്യപത്രിക B 15 പ്രകാരം Receivables towards usufructs of trees (arrears) 3140/-രൂപ രേഖപ്പെടുത്തിയിരിക്കുന്നു.1880/- രൂപ കിഴിച്ച് ബാക്കിയുള്ള തുക 1260/- രൂപ ഏതിനത്തിലുള്ളതാണെന്നിനുള്ള ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (14/19,32/19) മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത തുക ഈടാക്കി പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. തുക ഈടാക്കാത്ത പക്ഷം ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതാണെന്ന

വിവരം അറിയിക്കുന്നു.

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 18.07.2019-22.07.2019 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/1409 /19 20.08.2019 |

# 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

**സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 2018-19 | 78750 | ശാരീരീക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 49955 | 28795 |
| | | 7500 | ജൈവസമൃദ്ധി | 7500 | 0 |
| | | 50000 | ക്ഷീരസമൃദ്ധി(ജനറൽ) | 50000 | 0 |
| | | 80000 | ക്ഷീരസമൃദ്ധി(വനിത) | 80000 | 0 |
| | | 23760 | കിണർ റീചാർജ്ജിംഗ് (ജനറൽ) | 23760 | 0 |
| | | 12750 | കേദാരം | 12750 | 0 |
| | | 7200 | കിണർ റീചാർജ്ജിംഗ് (എസ്.സി) | 7200 | 0 |
| | | 140000 | ഹരിതഭവനം | 140000 | 0 |
| | | 1227959 | ലൈഫ്(ജനറൽ) | 1225516 | 2443 |
| | | 1601898 | ലൈഫ്(എസ്.സി.പി) | 1596000 | 5898 |
| | | 14661 | ലൈഫ്(റ്റി.എസ്.പി) | 14661 | 0 |

| | | | | | |
|---|---|---|---|---|---|
| | | 477375 | സ്നേഹസ്പർശം | 159125 | 318250 |
| | | 138413 | സ്വയംതൊഴിൽ | 0 | 138413 |
| ബ്ലോക്ക് പഞ്ചായത്ത | 2012-13 2017-18 2018-19 | 151000 | ബഡ്സ് സ്കൂൾ | 0 | 151000 |
| | | 49000 | കക്കൂസ് നിർമ്മാണം | 0 | 49000 |
| | | 250 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 0 | 250 |
| | | 7500 | ജൈവസമൃദ്ധി | 7500 | 0 |
| | | 465000 | ക്ഷീരസമൃദ്ധി-ജനറൽ | 465000 | 0 |
| | | 400000 | ക്ഷീരസമൃദ്ധി-വനിത | 400000 | 0 |
| | | 288000 | കിണർ റീചാർജ്ജിംഗ് (ജനറൽ) | 15840 | 272160 |
| | | 8500 | കേദാരം | 8500 | 0 |
| | | 80000 | കിണർറീചാർജ്ജിംഗ് (എസ്.സി) | 4800 | 75200 |
| | | 1947000 | ലൈഫ്(ജനറൽ) | 1947000 | 0 |
| | | 1204000 | ലൈഫ്(എസ്.സി.പി) | 1204000 | 0 |
| | | 477375 | സ്നേഹസ്പർശം | 184825 | 292550 |
| | | 525000 | പാറവിള അംഗൻവാടി കെട്ടിടനിർമ്മാണം | 0 | 525000 |

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | മുന്നിരിപ്പ് | നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 41864 | 6302000 | 6343864 |
| KWA | പൈപ്പ് ലൈൻഎക്സ്റ്റെൻഷൻ | 858477 | 2074000 | 2932477 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 23236123/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | GO (ms)68/ 2018/lsgd 18.05.2018 | 23236123 | 0 | 0 | | 23236123 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 161456911.55 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 129312355 |
| വരവിനങ്ങളിലുള്ള നഷ്ടം | 3140 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| | |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 518265 |

<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 3140 | | ശ്രീ.ബിന്ദുരാജ് എം.എ<br>സെക്രട്ടറി |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-36 | 105000/- | ശ്രീ.അരുൺകുമാർ, വെറ്ററിനറി സർജൻ. |
| 1-31 | 131265/- | ഡോ.ഷൈൻ.എസ്.മെഡിക്കൽ ഓാഫീസർ (ആയുർവേദം) |
| 1-33 | 93000/- | കുമാരി.രമണി.എസ്, ഹെഡ്മാസ്റ്റർ |
| 1-32 | 189000/- | കുമാരി.രമണി.എസ്,ഹെഡ് മാസ്റ്റർ |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.ബിന്ദുരാജ് എം.എ<br>സെക്രട്ടറി | സെക്രട്ടറി<br>കുറിച്ചൽ ഗ്രാമപഞ്ചായത്ത് | മണ്ണിൽ പറമ്പിൽ ഹൗസ്, KGRA (A) 24 കൊടുങ്ങാനൂർ പി.ഒ, തിരുവനന്തപുരം |
| 2 | ശ്രീ.അരുൺകുമാർ,<br>വെറ്ററിനറി സർജൻ. | വെറ്ററിനറി സർജൻ.<br>മാറനല്ലൂർ ഗ്രാമപഞ്ചായത്ത് | അനിൽ ഭവൻ,<br>കോളിയൂർ,മുട്ടയ്ക്കാട്.പി.ഒ |
| 3 | ഡോ.ഷൈൻ.എസ്. | മെഡിക്കൽ | നന്ദനം,നിയർ |

| | | | |
|---|---|---|---|
| | മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഓഫീസർ(ആയുർവേദം)<br>മാറനല്ലൂർ ഗ്രാമപഞ്ചായത്ത് | മങ്കാട്ടുകടവ് ബ്രിഡ്ജ്,പെരുകാവ്.പി.ഒ |
| 4 | കുമാരി.രമണി.എസ്,<br>ഹെഡ് മാസ്റ്റർ | - | വിനായക.റ്റി.സി.57/2018<br>പൂവൻമൂല,പുഞ്ചക്കരി,<br>തിരുവനന്തപുരം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2000-01 | എൽഎഫ്.റ്റിഡി.ജി.പി.1/258/02 | 2 |
| 2001-02 | എൽഎഫ്.റ്റിഡി.ജി.പി.4/328/03 | 13 |
| 2003-04 | എൽഎഫ്.റ്റിഡി.ജി.പി.4/884/06 | 1 |
| 2004-05 | എൽഎഫ്.റ്റിഡി.ജി.പി.4/1224/07 | 3 |
| 2005-06 | എൽഎഫ്.റ്റിഡി.ജി.പി.4/1125/08 | 3 |
| 2006-07 | എൽഎഫ്.റ്റിഡി.ജി.പി.4/1051/09 | 2 |
| 2007-08 | എൽഎഫ്.റ്റിഡി.ജി.പി.4/747/15 | 1 |
| 2008-09 | എൽഎഫ്.റ്റിഡി.ജി.പി.4/748/11 | 1 |
| 2009-10 | എൽഎഫ്.റ്റിഡി.ജി.പി.4/2413/12 | 5 |
| 2010-11 | എൽഎഫ്.റ്റിഡി.ജി.പി.4/2640/11 | 14 |
| 2011-12 | എൽഎഫ്.റ്റിഡി.ജി.പി.4/2568/13 | 1 |
| 2012-13 | എൽഎഫ്.റ്റിഡി.ജി.പി.4/1863/14 | 2 |
| 2013-14 | എൽഎഫ്.റ്റിഡി.ജി.പി.4/881/2015 | 4 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1051/2016 | 6 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജിപി.5/2036/2016/29.11.2016 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജിപി.5/1657/2017/10.08.2017 | 17 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജിപി.5/1657/2017/10.08.2017 | 25 |

**ഒപ്പ്**

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ **മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ മാറനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 -ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

**ഒപ്പ്**

**ഡെപ്യൂട്ടി ഡയറക്ടർ,**<br>
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**<br>
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**